ദി ഡിഫെൻഡർ സപ്ലിമെന്റ്

Vol. No. 6 Issue No. 10 RNI Reg. No. 68089 / 97 Published From Perumbavoor October 2003

# ശാരോൻ ഭരണഘടന അട്ടിമറിച്ചു

ആരുമറിയാതെ ശാരോൻ ഭരണഘടന ഭേദഗതി ചെയ്തു. ആര് എപ്പോൾ ഭേദഗതി ചെയ്തു എന്നൊന്നും ചോദിക്കരുത്. കാരണം അതൊക്കെ ശാരോനിലെ ചില നേതാക്കൻമാർക്കു മാത്രം അറിയാവുന്ന പരമ രഹസ്യമാണ്.

ശാരോൻ ഭരണഘടനയ്ക്ക് തുല്യം മറ്റൊന്നില്ല. സൊസൈറ്റീസ് ആക്ട് ഒരുവട്ടം വായിച്ചിട്ടുള്ളവരെല്ലാം തലകുത്തിനിന്ന് ചിരിക്കുന്ന വിധത്തിലാണ് ശാരോൻെറ ഭരണഘടന എഴുതിവച്ചിരിക്കുന്നത്. സാക്ഷാൽ ചെകുത്താനല്ലാതെ ആർക്കും ഇത്തരത്തിൽ ഒരെണ്ണം എഴുതി ഉണ്ടാക്കാൻ പറ്റില്ല.

എല്ലാവർക്കും എല്ലാം നൽകുന്നു എന്ന് തോന്നിപ്പിക്കുക, ആർക്കും ഒന്നും കൊടുക്കാതെ എല്ലാം നേതാക്കൻമാരുടെ പോക്കറ്റിലാക്കുക, ഇതാണ് ശാരോൻ ഭരണഘടന ചെയ്യുന്നത്.

1975ൽ ശാരോൻ ഫെലോഷിപ്പ് ചർച്ച് രജിസ്റ്റർ ചെയ്തപ്പോൾ ഒരു ഭരണഘടനയും രജിസ്റ്റർ ചെയ്തിരുന്നു. അതിൽ എന്തൊക്കെയാണ് എഴുതി വെച്ചിരുന്നത് എന്ന് ആർക്കും അറിഞ്ഞുകൂടാ. കാരണം അത് ആരെയും കാണിച്ചിട്ടില്ല. പക്ഷേ, ശാരോൻ ഭരണഘടന അച്ചടിച്ച് വിതരണം ചെയ്യണം എന്ന ആവശ്യം ശക്തമായപ്പോൾ ഏതാനും വർഷം മുൻപ് പഴയ ഭരണഘടന പരിഷ്ക്കരിച്ച് അച്ചടിപ്പിച്ചു. അതാണ് ഇപ്പോൾ വിശ്വാസികളുടെ കൈവശമുള്ളത്.

ഭരണഘടനയിൽ പറയുന്ന വിശ്വാസ പ്രമാണം അംഗീകരിക്കുന്നവർക്ക് സഭയിൽ അംഗത്വം ലഭിക്കും എന്ന് ഭരണഘടനയിൽ പറയുന്നുണ്ട്. അതനുസരിച്ച് എല്ലാ വിശ്വാസികളും സഭയിലെ അംഗങ്ങളുമാണ്. പക്ഷേ, നേതാക്കൻമാരായ ഇരുപതോളം പാസ്റ്റർമാർ മാത്രമേ ശാരോൻ സഭയിൽ അംഗങ്ങളായിട്ടുള്ളു എന്നാണ് നേതാക്കൻമാർ കോടതിയിൽ എഴുതി കൊടുത്തിരിക്കുന്നത്.

അതുപോലെ, ശാരോൻ ഫെലോഷിപ്പിന് ഒരു പൊതുസഭാമണ്ഡലമുണ്ട്. മറ്റു സഭകളിലെ ജനറൽ ബോഡി പോലെയാണ് ഇത് എന്നത്രേ മിക്കവരുടേയും ധാരണ. പക്ഷേ, പോതുസഭാമണ്ഡലം ശാരോൻ ഫെലോഷിപ്പ് ചർച്ചിൻെറ പൊതുയോഗമല്ല എന്നും പൊതുസഭാമണ്ഡലത്തിന് ഒരു അധികാരവും ഇല്ല എന്നും നേതാക്കൻമാർ കോടതിയിൽ എഴുതി കൊടുത്തിട്ടുണ്ട്.

ട്രഷറാർ ഇല്ലാത്ത ഒരു സൊസൈറ്റിയേക്കുറിച്ച് കേട്ടിട്ടുണ്ടോ? കേട്ടിരിക്കാൻ ഇടയില്ല. പക്ഷേ, അനേകകോടി രൂപ വിലമതിക്കുന്ന സ്വത്തുക്കളുള്ള ശാരോൻ ഫെലോഷിപ്പിന് ട്രഷറാർ ഇല്ല. എന്തുകൊണ്ട്?

ശാരോൻെറ അധികാരങ്ങൾ നേതാക്കൻമാരായ ഏതാനും ആളുകളുടെ കൈകളിൽ പൂർണ്ണമായി എന്നെന്നും നിലനിർത്താനും അതിലൂടെ ശാരോൻെറ കോടിക്കണക്കിനുള്ള സ്വത്തുക്കൾ കൈവശപ്പെടുത്താനും നേതാക്കൻമാർ ആലോചിക്കുന്നതായി ഡിഫെൻഡറിന് വിവരം കിട്ടിയിരുന്നു. ഏതാനും മാസം മുൻപ് അവർ എന്തൊക്കെയോ ചെയ്തു എന്നും കേട്ടിരുന്നു. പക്ഷേ, കഴിഞ്ഞ ദിവസമാണ് അതിനുള്ള തെളിവ് കിട്ടിയത്.

സഭാപ്രതിപുരുഷൻമാരെ തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് സെപ്റ്റംബർ 18ന് ശാരോൻ ഓഫീസിൽ നിന്നും എല്ലാ സഭകൾക്കും അയച്ച കത്താണ് ഭരണഘടന അതീവ രഹസ്യമായി അട്ടിമറിച്ചുകഴിഞ്ഞു എന്ന് തെളിവു നൽകുന്നത്. അതിൽ "മാർച്ച് 12, 2003ൽ ഫയൽ ചെയ്ത ഭരണ ഘടന" എന്ന് പറഞ്ഞിരിക്കുന്നു. നിലവിലുള്ള ഭരണഘടനയിൽ അവസാന പേജ് 15 ആണ്. പക്ഷേ, മേല്പടി നോട്ടീസിൽ ഭരണഘടനയുടെ പതിനേഴാം പേജിനേക്കുറിച്ച് പറയുന്നുണ്ട്. എന്തൊക്കെയോ വകുപ്പുകൾ ശാരോൻ ഭരണഘടനയിൽ തിരുകി കയറ്റിയിട്ടുണ്ടെന്ന് ഈ ഭാഗവും തെളിയിക്കുന്നു. ആരോരും അറിയാതെ ശാരോൻ ഭരണഘടന അട്ടിമറിച്ചു എന്ന് വ്യക്തം.

എങ്ങനെയാണ് ഭരണഘടന ഭേദഗതി ചെയ്യേണ്ടതെന്ന് ശാരോൻ ഭരണഘടനയിൽ പറയുന്നില്ല. അതുകൊണ്ട് സൊസൈറ്റീസ് ആക്ടിൻെറ പതിനെട്ടാം വകുപ്പനുസരിച്ചുവേണം ഭരണഘടന ഭേദഗതി ചെയ്യാൻ.

ഭരണഘടന ഭേദഗതി ചെയ്യാൻ ഭരണസമിതി ആഗ്രഹിക്കുന്നെങ്കിൽ എന്തൊക്കെ ഭേദഗതികളാണ് വരുത്താൻ ആഗ്രഹിക്കുന്നത് എന്ന് എഴുതിയോ അച്ചടിച്ചോ സംഘാംഗങ്ങൾക്കെല്ലാം കൊടുക്കണം. എന്നിട്ട് പത്തു ദിവസം മുൻപ് നോട്ടീസ് കൊടുത്ത് പൊതുയോഗം വിളിക്കണം. തുടർന്നുള്ള നടപടിയേക്കുറിച്ച് സൊസൈറ്റീസ് ആക്ടിൽ ഇപ്രകാരം പറയുന്നു:

"അപ്രകാരമുള്ള യാതൊരു പ്രമേയവും അതിൻെറ പര്യാലോചനയ്ക്കുവേണ്ടി ഭരണസമിതി വിളിച്ചുകൂട്ടുന്ന പ്രത്യേക യോഗത്തിന് 10 ദിവസം മുൻപ് സംഘത്തിൻെറ ഓരോ അംഗത്തിനും ആ റിപ്പോർട്ട് നൽകുകയോ തപാൽ വഴി അയക്കുകയോ ചെയ്യാത്തപക്ഷം, അല്ലെങ്കിൽ ആ പ്രമേയം അഞ്ചിൽ മൂന്നു ഭാഗം നേരിട്ടോ പ്രതിനിധി മുഖേനയോ നൽകുന്ന വോട്ടുകൾ മൂലം അംഗീകരിക്കപ്പെട്ട് ആദ്യത്തെ സമ്മേളനത്തിനുശേഷം ഒരു മാസത്തെ ഇടവിട്ട് ഭരണസമിതി വിളിച്ചുകൂട്ടുന്ന രണ്ടാമതൊരു പ്രത്യേക യോഗത്തിൽ ഹാജരാകുന്ന അഞ്ചിൽ മൂന്നുഭാഗം അംഗങ്ങളുടെ വോട്ടുമൂലം സ്ഥിരീകരിക്കപ്പെടാത്തപക്ഷം ഊർജ്ജിതത്തിൽ കൊണ്ടുവരാവുന്നതല്ല".

ശാരോൻ ഭരണഘടനയിൽ ഈ ചട്ടത്തിനു വിരുദ്ധമായി വരുത്തിയിരിക്കുന്ന ഭേദഗതികൾ നിലനിൽക്കയില്ല എന്ന് വിശേഷിച്ച് പറയേണ്ടതില്ലല്ലോ.

# ശാരോൻ ജനറൽ ബോഡിയിൽ കയ്യാങ്കളി

ശാരോനിൻ ജനറൽ ബോഡി എന്നൊരു തട്ടിപ്പു സംഘമുണ്ട്. ഏറാൻമൂളികളായ ഇരുപതോളം പാസ്റ്റർമാർ മാത്രമാണ് ഈ ബോഡിയിൽ ഉള്ളത്. മരുന്നിനുപോലും ഒരു വിശ്വാസിയില്ല.

ആണ്ടിൽ ഒന്നോ രണ്ടോവട്ടം ജനറൽ ബോഡി കൂടും. നേതാക്കൻമാർ പറയുന്നതെല്ലാം തലകുലുക്കി സമ്മതിക്കും. മാനേജിംഗ് കൗൺസിലിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുക, കണക്കുകൾ പാസ്സാക്കുക തുടങ്ങിയതൊക്കെ എതിർപ്പൊന്നും കൂടാതെ നടത്തും. ഇതായിരുന്നു ഇതുവരെ ശാരോനിലെ പതിവ്. പക്ഷേ, ഇത്തവണ ഈ പതിവ് തെറ്റി. സഭാനേതൃത്വത്തിൻെറ തെറ്റായ പോക്കിനെതിരെ പ്രതികരിക്കാൻ പെരുമ്പാവൂർ സഭാശുശ്രൂഷകനും മലബാർ സെന്ററിൻെറ പാസ്റ്ററുമായ ഏബ്രഹാം ജോസഫ് തയ്യാറായി.

അനർഹരായവരെ ജനറൽബോഡി അംഗത്വത്തിൽ നിന്നും നീക്കിയിട്ട് തികച്ചും ഭരണഘടനാനുസൃതം വേണം ഇത്തവണ ജനറൽ ബോഡി കൂടുവാൻ എന്ന് പാസ്റ്റർ ഏബ്രഹാം ജോസഫ് മാനേജിംഗ് കൗൺസിൽ സെക്രട്ടറിയോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നു. അതുകൊണ്ട് ഇത്തവണ നേതാക്കൻമാരുടെ ഇംഗിതം നടക്കില്ല എന്ന് ഊഹിക്കാൻ ബുദ്ധിമുട്ടുണ്ടായില്ല.



കയ്യാങ്കളി വിദഗ്ദ്ധൻ ജോയീസ്

ജനറൽ ബോഡിയിൽ വെച്ച് എന്തെങ്കിലും പ്രകോപനമുണ്ടാക്കി ഏബ്രഹാം ജോസഫിനെ ആക്രമിക്കുക. എന്നിട്ട് ഏബ്രഹാം ജോസഫ് ജനറൽ ബോഡിയിൽ തല്ലുനടത്തി എന്ന് പ്രചരിപ്പിക്കുക. ശിക്ഷണ നടപടി എന്ന നിലയിൽ പാസ്റ്റർ ഏബ്രഹാം ജോസഫിനെ ശാരോനിൽ നിന്നും പുറത്താക്കി പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുക. ഇതായിരുന്നു ശാരോൻ നേതാക്കൻമാരുടെ പദ്ധതി. അനാവശ്യ ബഹളമുണ്ടാക്കി ഏബ്രഹാം ജോസഫിനെ ആക്രമിക്കാൻ ശാരോൻെറ ഓഫീസ് സെക്രട്ടറിയും വളഞ്ഞവട്ടം സഭയുടെ പാസ്റ്ററുമായ എം.എ.വർഗീസ് എന്ന ജോയീസിനെ ചുമതലപ്പെടുത്തുകയും ചെയ്തു. അങ്ങനെ എല്ലാം ഒരുക്കിയശേഷമാണ് ജനറൽ ബോഡി തുടങ്ങിയത്.

പക്ഷേ, പ്രതീക്ഷിക്കാത്ത ഒരു സംഭവം ഇതിനിടയിൽ ഉണ്ടായത് നേതാക്കൻമാർ അറിഞ്ഞില്ല. ഈ ഗൂഢാലോചനയുടെ പൂർണ്ണ വിവരം ഒരാൾ ഡിഫെൻഡർ ഓഫീസിൽ അറിയിച്ചു. ജനറൽ ബോഡിയിൽ പാസ്റ്റർ ഏബ്രഹാം ജോസഫിനെ ആക്രമിക്കുമെന്നും ഒടുവിൽ വാദിയെ പ്രതിയാക്കി നടപടി എടുക്കുമെന്നും ഡിഫെൻഡർ എഡിറ്ററായ റ്റി. എസ്.ബാലൻ പാസ്റ്റർ ഏബ്രഹാം ജോസഫിനെ അറിയിക്കയും ചെയ്തു. അതുകൊണ്ട് അക്രമത്തെ നേരിടാൻ അദ്ദേഹം മാനസികമായി ഒരുങ്ങിയിരുന്നു.

പ്രതീക്ഷിച്ചതുപോലെ തന്നെ കാര്യങ്ങൾ നടന്നു. വിശേഷിച്ച് ഒരു പ്രകോപനവും കൂടാതെ കരിമ്പിൻകാടൻ കോപിച്ചു. ഏബ്രഹാം ജോസഫിനെ കയ്യേറ്റം ചെയ്യാനായി ജോയീസ് മുൻനിശ്ചയ പ്രകാരം പാഞ്ഞുവന്നു. പക്ഷേ, ഇതൊക്കെ പ്രതീക്ഷിച്ചിരുന്ന ഏബ്രഹാം ജോസഫ് ശാന്തനായി, കൈയും കെട്ടി, മുട്ടുകുത്തിനിന്നു. അതോടെ പദ്ധതി പൊളിഞ്ഞു. മുട്ടുകുത്തി നിൽക്കുന്ന വ്യക്തിയെ തല്ലിയിട്ട് വാദിയെ പ്രതിയാക്കാൻ പറ്റില്ലല്ലോ. ഇതൊക്കെ നടന്നിട്ടും റ്റി.ജി.കോശി ഉൾപ്പെടെ ഒരു നേതാവും വായ് തുറന്നില്ല.

# കെ. എം. ജോണിന്റെ തെരഞ്ഞെടുപ്പിന് സ്റ്റേ

ഐ.പി.സിയുടെ കേരള സ്റ്റേറ്റ് പ്രസിഡന്റ് സ്ഥാനത്തേക്ക് കെ.എം.ജോൺ തെരഞ്ഞെടുക്കപ്പെട്ടത് തിരുവല്ല മുൻസിഫ് കോടതി സ്റ്റേ ചെയ്തു. സെപ്റ്റംബർ 30ന് പുതിയ ഭരണസമിതി അധികാരമേൽക്കാൻ തയ്യാറെടുത്തിരിക്കെയാണ് അപ്രതീക്ഷിതമായി ഈ ഉത്തരവ് ഉണ്ടായത്.

ഒരേ പദവിയിൽ രണ്ടുവട്ടത്തിൽ അധികം ഇരിക്കുന്നത് ഐ.പി.സിയുടെ പുതിയ ഭരണഘടന വിലക്കുന്നുണ്ട്. എങ്കിലും കെ.എം.ജോൺ, ജോർജ് ഉമ്മൻ എന്നിവർ ഈ ചട്ടത്തിന് പുല്ലുവില കല്പിച്ചുകൊണ്ട് ഇത്തവണ യഥാക്രമം സ്റ്റേറ്റ് പ്രസിഡന്റ്, സ്റ്റേറ്റ് വൈസ് പ്രസിഡന്റ് എന്നീ സ്ഥാനങ്ങളിലേക്ക് മത്സരിച്ചു. അധികാരമോഹം തലക്കു പിടിച്ചതോടെ ഈ വിശുദ്ധൻമാർക്ക് കണ്ണു കാണാൻ വയ്യാതായി എന്നു പറഞ്ഞാൽ മതിയല്ലോ.

ജോർജ് ഉമ്മൻെറ കണ്ണ് സഭാംഗങ്ങൾ തന്നെ തെളിയിച്ചു. അങ്ങനെ, ഈ മാന്യദേഹം മാന്യമായി തോറ്റു. അതുകൊണ്ട് കോടതി ഇടപെടേണ്ടതായി വന്നില്ല.

കെ.എം.ജോണിന് എതിരില്ലായിരുന്നു. ആകയാൽ വോട്ടെടുപ്പ് വേണ്ടിവന്നില്ല. അതുകൊണ്ട് കെ.എം.ജോണിന് സുബോധം വരുത്താൻ കോടതിയുത്തരവ് വേണ്ടിവന്നു.

കാരണവൻമാരായ പെന്തക്കോസ്ത് നേതാക്കൻമാർക്ക് അടുപ്പും വെളിമ്പറവും ഒന്നുപോലെയാണ്. എന്തും എവിടെയും ആകാം. നിയമങ്ങളും ചട്ടങ്ങളും മറ്റും അവർക്കു ബാധകമല്ല. എന്നാൽ ഈ ധാരണ തിരുത്താൻ ഈ കോടതിയുത്തരവ് സഹായിക്കും എന്ന് തീർച്ച.

പുതിയ ഭരണസമിതിക്ക്, വൈസ് പ്രസിഡന്റിൻെറ നേതൃത്വത്തിൽ സെപ്റ്റംബർ 30ന് ചുമതല ഏൽക്കുന്നതിന് തടസ്സമില്ല. അതുകൊണ്ട് ഭരണസ്തംഭനം ഉണ്ടാകുന്നില്ല.

മുൻസിഫ് കോടതിയുടെ ഉത്തരവിന് സ്റ്റേ സമ്പാദിക്കാനായി കെ.എം.ജോൺ മേൽക്കോടതിയെ സമീപിക്കാൻ ഉദ്ദേശിക്കുന്നതായി അറിയാൻ കഴിഞ്ഞു. എന്നാൽ ഈ ലക്കം ഡിഫെൻഡർ പ്രസ്സിൽ കൊടുക്കുന്നതുവരെ മേൽക്കോടതി ഉത്തരവൊന്നും ഉണ്ടായിട്ടില്ല.

ശാരോനിൽ ഈയിടെ നടന്ന തെരഞ്ഞെടുപ്പും ചട്ടവിരുദ്ധമായാണ് നടന്നിരിക്കുന്നത്. മാനേജിംഗ് കൗൺസിൽ അംഗത്വം ലഭിക്കാൻപോലും യോഗ്യതയില്ലാത്ത റ്റി.ജി.കോശി, പി.ജി.ജേക്കബ്, റ്റി.പി.ഏബ്രഹാം, സി.വി. ജോൺ തുടങ്ങിയവരാണ് ശാരോൻെറ ഔദ്യോഗിക ഭാരവാഹികൾ. ഇവർക്കെതിരെ കോടതിയെ സമീപിക്കാൻ ശാരോനിലെ വിശ്വാസികൾക്കോ ശുശ്രൂഷകൻമാർക്കോ ധൈര്യമുണ്ടായാൽ ശാരോൻ പ്രശ്നവും പരിഹരിക്കപ്പെടും.

# സഭാനേതാക്കൻമാർ നിയമത്തിനതീതരോ?

നിയമത്തിന്റെ മുൻപിൽ എല്ലാവരും തുല്യരാണ്. പക്ഷേ, ഈ വസ്തുത പെന്തക്കോസ്ത് നേതാക്കൻമാർ മറന്ന മട്ടാണ്. തങ്ങൾ ദൈവദാസൻമാരാകയാൽ ഈ രാജ്യത്തെ നിയമങ്ങൾ തങ്ങൾക്കു ബാധകമല്ല എന്ന ഭാവത്തിലാണ് അവർ പെരുമാറുന്നത്. ചില ഉദാഹരണങ്ങൾ കൊണ്ട് ഇത് വ്യക്തമാക്കാം.

കുറെ വർഷങ്ങൾക്കു മുൻപ് ഐ.പി.സിയുടെ ഹെബ്രോൻ ബൈബിൾ കോളേജിന് ഇംഗ്ലീഷ് മീഡിയം ക്ലാസ്സ് തുടങ്ങാൻ ഒരു സായിപ്പ് 50,000 ഡോളർ സംഭാവന കൊടുത്തു. ഈ രാജ്യത്തെ നിയമം അനുസരിച്ച് ആ പണം ഐ.പി.സിയുടെ ഹെബ്രോൻ ബൈബിൾ കോളേജിന് ഇംഗ്ലീഷ് മീഡിയം തുടങ്ങാൻ വിനിയോഗിക്കേണ്ടതാണ് . പക്ഷേ, ഒരു മനഃസാക്ഷിക്കുത്തും കൂടാതെ റ്റി.എസ്.ഏബ്രഹാം ഈ പണം സ്വന്തം പോക്കറ്റിലാക്കി. പിന്നീട് അത് കേസ്സായി. കോടതി സമൻസ് അയച്ചിട്ടും ഹാജരാകാതെ നടന്നു. ഒടുവിൽ ഹാജരായി. ശിക്ഷ കിട്ടും എന്ന് ഉറപ്പായപ്പോൾ വാദികളുമായി ഒത്തുതീർപ്പുണ്ടാക്കി തലയൂരി. എന്നിട്ടും ഈ പണം ഐ.പി.സിക്ക് കൊടുത്തുമില്ല. ഈ വിധത്തിൽ ഐ.പി.സിയുടെ കുറച്ചധികം സ്വത്ത് റ്റി.എസ്. ഏബ്രഹാം തട്ടിയെടുത്തിട്ടുണ്ട്. ഐ.പി.സിയുടെ ജനറൽ ട്രഷറാർ ആയ ജോസഫ് താന്നിക്കൽ, സത്യം പറയാൻ ധൈര്യം ഉണ്ടായിരുന്ന കാലത്ത് ഇതേപ്പറ്റിയൊക്കെ വിശദമായി എഴുതിയിട്ടുണ്ട്. ഏതെങ്കിലും ഐ. പി.സി. അംഗം ഒരു കേസ്സ് ഫയൽ ചെയ്യാൻ ധൈര്യം കാണിച്ചാൽ ഇനിയുള്ള കാലം റ്റി.എസ്. ഏബ്രഹാമിന് ഉണ്ട തിന്ന് കഴിയേണ്ടതായിവരും.

നിയമത്തിന് എന്തെങ്കിലും വില കല്പിക്കുന്നവരായിരുന്നെങ്കിൽ കെ.എം.ജോണും ജോർജ് ഉമ്മനും ഒരു മൂന്നാം ഊഴത്തിന് ശ്രമിക്കയില്ലായിരുന്നു. പതിവുപോലെ ആരും ചോദ്യം ചെയ്യില്ല എന്ന ധാരണയിലാണ് ഇവർ നിയമലംഘനം നടത്തിയത്. ഇതിനെതിരെ പ്രതികരിക്കാൻ ചിലർ തയ്യാറായതുകൊണ്ട് ഇപ്പോൾ നീതി നടന്നിരിക്കുന്നു.

വിവാഹിതയായ മകളെ ബലമായി പിടിച്ചുകൊണ്ടുവന്ന്, (വിവാഹമോചനംപോലും നടത്താതെ), രണ്ടാംവിവാഹം നടത്താൻ റ്റി.എസ്.ഏബ്രഹാമിന് ഒരു ശങ്കയും ഉണ്ടായില്ല. രാജ്യത്തെ നിയമത്തെയോ ബൈബിളിനെയോ മാനിക്കുന്ന ആർക്കും ഇങ്ങനെ ചെയ്യാൻ കഴിയില്ല.

വനിതാ ബൈബിൾ സ്ക്കൂളുകൾ എന്ന പേരിൽ പെന്തക്കോസ്ത് നേതാക്കൻമാർ നടത്തുന്ന സ്ഥാപനങ്ങൾ വെറും വ്യഭിചാരശാലകളാണെന്ന് കുമ്പനാട്ടും തിരുവല്ലയിലും ഉണ്ടായ സംഭവങ്ങൾ തെളിയിക്കുന്നു. ആത്മീയതയുടെ മറവിൽ നടക്കുന്ന ഇത്തരം നിയമലംഘനങ്ങൾക്കെതിരെ നിയമ നടപടി ഉണ്ടാകണം.

സ്വദേശത്തുനിന്നും വിദേശത്തുനിന്നുമായി അനേകലക്ഷം രൂപ ഓരോ പെന്തക്കോസ്ത് നേതാവിന്റെയും പോക്കറ്റിൽ എത്തുന്നുണ്ട്. പക്ഷേ, ഇതിനൊക്കെ കണക്ക് സൂക്ഷിക്കാനോ രാജ്യത്തെ നിയമം അനുസരിച്ച് ആദായനികുതി കൊടുക്കാനോ ഇവരിൽ എത്രപേർ തയ്യാറാകുന്നു? ആദായനികുതി വകുപ്പ് പിടികൂടിയാൽ ഈ നേതാക്കൻമാരുടെ സ്ഥിതി പരമ ദയനീയമായിരിക്കും എന്നതിന് സംശയമില്ല.

ഏറ്റവും അധികം നിയമലംഘനം നടക്കുന്ന പെന്തക്കോസ്ത് പ്രസ്ഥാനം ശാരോനാണ്. അൻപതു കോടിയോളം രൂപയുടെ വെട്ടിപ്പ് ശാരോനിൽ നടന്നിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. ഇത് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നേ മതിയാകൂ.

തിരുവല്ല ശാരോൻ കോമ്പൗണ്ടിൽ കാണുന്ന ബഹുനില മന്ദിരം ക്രിസ്ത്യൻ എയ്ഡ് എന്ന അമേരിക്കൻ സംഘടന ശാരോൻ ഫെലോഷിപ്പിന് സംഭാവനയായി കൊടുത്ത പണംകൊണ്ട് ഉണ്ടാക്കിയതാണ്. പക്ഷേ, ഈ കെട്ടിടം പണിതിരിക്കുന്നത് ശാരോൻ ഫെലോഷിപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തല്ല സ്വകാര്യ ഭൂമിയിലാണ്. അനേകകോടി രൂപ വിലമതിക്കുന്ന ഈ കെട്ടിടം ഇപ്പോൾ ഫലത്തിൽ സ്വകാര്യ സ്വത്താണ്.

ശാരോന്റെ വകയായി മലബാറിലുള്ള അനാഥശാലയിൽ നടക്കുന്ന തട്ടിപ്പുകളേക്കുറിച്ച് ഡിഫെൻഡറിൽ ഇതിനു മുൻപ് എഴുതിയിരുന്നല്ലോ. അറുപതേക്കറിലധികം വരുന്ന കശുമാവിൻ തോട്ടം കൈവശമുണ്ടായിട്ടും ആ സ്ഥാപനത്തിലെ അന്തേവാസികളായ കുട്ടികൾക്ക് വേണ്ട വിധത്തിൽ ആഹാരം കൊടുക്കാൻ പോലും സി.വി.ജോൺ എന്ന നീചൻ തയ്യാറാകുന്നില്ല. ഇങ്ങനെ പിച്ചച്ചട്ടിയിൽ കൈയിട്ടുവാരിയാണ് സി.വി. പണക്കാരനായത്.

ശാരോൻ ഫെലോഷിപ്പിന് സ്ഥലം വാങ്ങാനും കെട്ടിടം പണിയാനും മറ്റുമായി പിരിച്ചെടുക്കുന്ന പണം ശാരോൻ നേതാക്കൻമാരായ റ്റി.ജി.കോശി, റ്റി.പി. ഏബ്രഹാം തുടങ്ങിയവർ സ്വന്തം സംഘടനകളുടെ പേരിൽ ആക്കുകയാണ് ചെയ്യുന്നത്. ഇന്ത്യൻ ശിക്ഷാ നിയമം 406-ാം വകുപ്പ് ഉൾപ്പെടെയുള്ള വിവിധ നിയമങ്ങൾ അനുസരിച്ച് ശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങളാണ് ഇവർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിന് മറപിടിക്കാനായി ശാരോൻ ഭരണഘടനപോലും അട്ടിമറിച്ചു.

ഭൂകമ്പത്തിന്റെ പേരിൽ ശാരോൻ ഫെലോഷിപ്പ് പിരിച്ചെടുത്ത ലക്ഷക്കണക്കിന് രൂപ തട്ടിയെടുക്കാൻ പോലും ശാരോൻ നേതാക്കൻമാർ ശ്രമം നടത്തിയിരുന്നു. ഒടുവിൽ, റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ഈ അനീതിക്കെതിരേ പോലീസ് പരാതി കൊടുത്തശേഷമാണ് ഒരു ചെറിയ തുകയെങ്കിലും ദുരിതാശ്വാസനിധിയിൽ അടച്ചത്.

ശാരോൻ നേതാക്കൻമാരായ റ്റി.ജി.കോശിക്കും റ്റി.പി.ഏബ്രഹാമിനും മറ്റും ശാരോനിൽ എത്തുന്ന കാലത്ത് എന്തുണ്ടായിരുന്നു എന്നും ഇപ്പോൾ എന്തുണ്ട് എന്നും മാലോകർക്കറിയാം. ഈ പണം എവിടെനിന്നുണ്ടായി? ജോലി ചെയ്ത് ഉണ്ടാക്കിയോ? ഇല്ല. പിന്നെവിടെനിന്ന്? ഇന്ത്യയെ സുവിശേഷീകരിക്കാനെന്ന വ്യാജേന ഇവർ സ്വദേശത്തുനിന്നും വിദേശത്തുനിന്നും പിരിച്ചുണ്ടാക്കിയതാണ് ഇതൊക്കെ. സായിപ്പൻമാർ എത്തുമ്പോൾ ശാരോനിലെ വിശ്വാസികളേയും ശുശ്രൂഷകൻമാരേയും വിളിച്ചുകൂട്ടി പ്രദർശിപ്പിച്ചാണ് ഇവർ പണമുണ്ടാക്കിയത്. അതുകൊണ്ടുതന്നെ ഈ പണം ശാരോൻ ഫെലോഷിപ്പിന് അവകാശപ്പെട്ടതാണ്. ഇത് തട്ടിയെടുക്കുന്നത് വിശ്വാസ വഞ്ചനയാണ്.

പെന്തക്കോസ്ത് സംഘടനകൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സൊസൈറ്റികളാണ്. അതുകൊണ്ട് സൊസൈറ്റീസ് ആക്ടിന്റെ ചട്ടങ്ങളും നിയമങ്ങളും അനുസരിച്ചുവേണം ഈ സംഘടനകൾ പ്രവർത്തിക്കാൻ. സൊസൈറ്റിക്കുവേണ്ടി സ്വദേശത്തുനിന്നും വിദേശത്തുനിന്നും പിരിച്ചെടുക്കുന്ന പണം സൊസൈറ്റിയുടെ സ്വത്താണ്. അത് നേതാക്കൻമാരുടെ പോക്കറ്റിലേക്കോ അവരുടെ സ്വകാര്യ സംഘടനകളിലേക്കോ പോകാൻ പാടില്ല.

# റ്റി.എസ്.ബാലൻ മറുപടി പറയുന്നു

**?** കഴിഞ്ഞവർഷം എറണാകുളത്ത് സാത്താനെ തകർത്തതായി കേട്ടിരുന്നു. പക്ഷേ, സാത്താൻ തകർന്നിട്ടില്ല എന്ന് ഇപ്പോൾ അനുഭവത്തിലൂടെ തെളിയുന്നു. ഇതേപ്പറ്റി ഡിഫെൻഡറിന് എന്താണ് പറയാനുള്ളത്?

■ ഇതിനുള്ള മറുപടി ഡിഫെൻഡറല്ല, മറിച്ച് സാത്താനെ തല്ലിത്തകർത്തവരാണ് പറയേണ്ടത്. ഡാമിയന്റെ നേതൃത്വത്തിൽ നടന്ന ഉപവാസയജ്ഞത്തിന്റെ ഭാഗമായി തെർമ്മോക്കോൾ സാത്താനെ തല്ലിത്തകർത്തിരുന്നു. അതോടെ എറണാകുളത്തെ സാത്താൻ തകർന്നു എന്ന് പ്രഖ്യാപിക്കയും ചെയ്തു. തെർമ്മോക്കോൾ കൊണ്ട് സാത്താനെ തകർക്കുന്ന വിദ്യ കണ്ടുപിടിച്ചതിന് ഡാമിയനേയും സുരേഷ് ബാബുവിനെയും ഒക്കെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല. സുരേഷ് ബാബു ബലൂൺ ചെകുത്താനെയും തകർത്തിരുന്നു. അതോടെ എറണാകുളത്തെ സാത്താന്റെ കഥ കഴിഞ്ഞു ഡാമിയൻ പ്രഖ്യാപിക്കയും ചെയ്തു.

പക്ഷേ, എറണാകുളത്ത് വിശേഷിച്ച് ഒരു മാറ്റവും ഉണ്ടായില്ല എന്ന് പിന്നീടുള്ള അനുഭവങ്ങൾ തെളിയിച്ചു. സാത്താന്യ പ്രവർത്തനങ്ങൾ ഒരു തടസ്സവും കൂടാതെ ഇന്നും എറണാകുളത്ത് നടക്കുന്നുണ്ട്. ഈയിടെയായി അത് അനുദിനം വർദ്ധിച്ചു വരികയുമാണ്.

എവിടെയാണ് തെറ്റിയത്? ദൈവത്തിന്റെ ശക്തി ക്ഷയിച്ചുപോയോ? യേശുക്രിസ്തു പരാജയപ്പെട്ടോ? ഇല്ല. പിന്നെ പ്രശ്നം എവിടെയാണ്? സാത്താൻ എന്തുകൊണ്ട് തകർന്നില്ല? അത് അറിയണെങ്കിൽ നാം ദൈവവചനത്തിലേക്ക് മടങ്ങി വരണം. ബൈബിൾ ഇതേപ്പറ്റി എന്തു പറയുന്നു എന്ന് പഠിക്കണം.

ഒരു പട്ടണത്തിലുള്ള സാത്താന്യശക്തിയെ തകർക്കുന്നതിനെക്കുറിച്ച് ബൈബിൾ എന്തു പറയുന്നു? കർത്താവ് എപ്പോഴെങ്കിലും ഒരു പട്ടണത്തിലുള്ള സാത്തന്യ ശക്തിയെ തകർത്തിട്ടുണ്ടോ? അപ്പൊസ്തലൻമാർ ഇങ്ങനെ ചെയ്തിട്ടുണ്ടോ? ലേഖനത്തിൽ ഇതേപ്പറ്റി ഉപദേശമുണ്ടോ? ഇല്ലെന്ന് വ്യക്തം.

ദൈവമക്കൾ സാത്താന്യ ശക്തികളുമായി നിരന്തരം യുദ്ധം ചെയ്തുകൊണ്ടിരിക്കയാണ് എന്നത് സത്യംതന്നെ. പക്ഷേ, ഒരു പ്രദേശത്തെ സാത്താനെ തകർക്കുന്ന വിദ്യ ബൈബിളിലില്ല. അതിനുള്ള അധികാരം കർത്താവ് ആർക്കും കൊടുത്തിട്ടില്ല. അതുകൊണ്ടാണ് എറണാകുളത്ത് ബലൂണും തെർമ്മോക്കോളും ഒക്കെ പൊട്ടിയിട്ടും സാത്താന്റെ ശക്തി ക്ഷയിക്കാതിരുന്നത്.

എതാണ് ഡാമിയനും സുരേഷ് ബാബുവിനും എം.എ. വർഗീസിനും ഒക്കെ പറ്റിയത്? ഒന്നാമതായി ഇവർക്ക് ദൈവവചനത്തിൽ പറയത്തക്ക പരിജ്ഞാനമൊന്നുമില്ല. കുറെ ഉണർവ്വു പ്രസംഗങ്ങൾ കേൾക്കുകയും ഡിറിക്ക് പ്രിൻസ്, ബെന്നിഹിൻ തുടങ്ങിയവർ എഴുതിയ കുറെ പുസ്തകങ്ങൾ വായിക്കയും ചെയ്തതല്ലാതെ ദൈവവചനം വസ്തുനിഷ്ഠമായി പഠിക്കാൻ അവർ തയ്യാറായിട്ടില്ല. ഇവരുടെ പ്രസംഗത്തിന് ദൈവവചന പരിജ്ഞാനം കൂടിയേ കഴിയൂ എന്നുമില്ല. ഏതെങ്കിലും വാക്യങ്ങൾ വായിച്ചിട്ട് ദൈവം ഇതാ അനുഗ്രഹിക്കാൻ പോകുന്നു എന്നു പറയാൻ വചനപരിജ്ഞാനം ആവശ്യമില്ലല്ലോ. മാത്രമല്ല, വചനം പഠിച്ചിട്ടുള്ളവർക്ക് ഇങ്ങനെയൊക്കെ പറയാൻ സാധിക്കയുമില്ല. എന്തെങ്കിലുമൊക്കെ പറഞ്ഞ് ജനത്തെ ഇളക്കുക എന്നതുമാത്രമാണ് ഇവരുടെ ലക്ഷ്യം.

"ഇതിന് വചനത്തിൽ ആധാരമുണ്ടോ?" എന്ന് ചോദിച്ചാൽ ഇവർക്ക് അരിശംവരും. സംശയമുണ്ടെങ്കിൽ ഡാമിയൻ വല്ലപ്പോഴും പ്രസിദ്ധീകരിക്കുന്ന "റിവൈവൽ മാസ്റ്റർ" എന്ന പത്രത്തിന്റെ ഏപ്രിൽ 2002 മാർച്ച് 2003 ലക്കം നോക്കുക.

ആർക്കൊക്കെ അരിശം വന്നാലും ദൈവവചനത്തിൽ ആധാരമില്ലാത്ത ഒരു ശുശ്രൂഷയും ദൈവമക്കൾക്ക് സ്വീകരിക്കാൻ ആവില്ല. ദൈവവചനത്തിന്റെ അതിർ വിട്ടു പോകുന്ന ഒരു ശുശ്രൂഷയും ദൈവീകമല്ല.

കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശ് മരണത്തോടെ സാത്താന്റെ തല തകർന്നു എന്നത് സത്യംതന്നെ. പക്ഷേ, സാത്താൻ ഇന്നും ഈ ലോകത്ത് പ്രവർത്തിക്കുന്നു. അന്ത്യ ന്യായവിധി ഉണ്ടാകുന്നതുവരെ സാത്താൻ പ്രവർത്തിച്ചുകൊണ്ടിരിക്കും. ഉപവാസത്താലും പ്രാർത്ഥനയാലും ഒരളവുവരെ സാത്താനിൽ നിന്നും രക്ഷപ്പെടാൻ വിശ്വാസികൾക്ക് കഴിയും. പക്ഷേ, സാത്താനെ പൂർണ്ണമായി ഒഴിവാക്കാൻ ആവില്ല.

ദൈവവചനം പഠിക്കാതെ ശുശ്രൂഷക്ക് ഇറങ്ങി. ഇവർ വിളിച്ചുപറഞ്ഞ വിവരക്കേടുകൾ കേട്ട് ഹാലേലൂയ്യാ പറയാൻ കുറച്ചധികം ആളുകളേയും കിട്ടി. അതോടെ ഇവർ സ്വയം മറന്നു. തങ്ങൾ ദൈവത്തിന്റെ തൊട്ടടുത്ത് ഇരിക്കുന്നവരാണെന്നും തങ്ങളെ എതിർക്കുന്നവരൊക്കെ നരകത്തിൽ പോകുമെന്നും ധരിച്ചുവെച്ചിരിക്കയാണവർ. അതുകൊണ്ടാണ് "ഇതിന് ദൈവവചനത്തിൽ ആധാരമുണ്ടോ?" എന്ന് ചോദിക്കുമ്പോൾ ഇവർ ക്ഷോഭിക്കുന്നത്.

സത്യം അറിയുക. സത്യം നമ്മെ സ്വതന്ത്രമാക്കും. ദൈവവചനമാണ് ആ സത്യം. ഡാമിയനും സുരേഷ് ബാബുവും തങ്കുവും ഒക്കെ പറയുന്ന വിവരക്കേടുകൾ കേട്ട് ഇറങ്ങിത്തിരിച്ചാൽ അപകടമാകും. അതുകൊണ്ട് സൂക്ഷിക്കുക. വ്യഭിചാരം തൊഴിലാക്കിയ സുരേഷ് ബാബു ബലൂൺ പൊട്ടിക്കുമ്പോൾ സാത്താൻ പൊട്ടി പാളീസാകത്തില്ല. ഡാമിയൻ എത്ര തെർമ്മോക്കോൾ തകർത്തലും എറണാകുളത്തെ ചെകുത്താൻ തകരില്ല. ആയിരമാണ്ട് വാഴ്ചയ്ക്ക് മുൻപായി സാത്താൻ ബന്ധിക്കപ്പെടും അതുവരെ എറണാകുളത്തെ സകല ചെകുത്താൻമാരും അവിടെയുണ്ടാകും. ഇതാണ് വസ്തുത. ഇതിന് വിരുദ്ധമായ പഠിപ്പിക്കലുകൾ വചനവിരുദ്ധമാണ്.

## സാമ്പിൾ കോപ്പി ലഭിക്കുന്നവർ ശ്രദ്ധിക്കുക

കഴിഞ്ഞ അഞ്ചു വർഷമായി ഡിഫെൻഡറിന് നിശ്ചിത വരിസംഖ്യ ഇല്ലായിരുന്നു. എന്നാൽ ജനുവരി ലക്കം മുതൽ വരിസംഖ്യ നിർബ്ബന്ധമാക്കിയിരിക്കയാണ്. എങ്കിലും വരിസംഖ്യ തന്നിട്ടില്ലാത്ത ചിലർക്കും ഡിഫെൻഡർ സാമ്പിൾ കോപ്പിയായി അയക്കുന്നുണ്ട്. സാമ്പിൾ കോപ്പി ലഭിക്കുന്ന വരും വരിസംഖ്യ പുതുക്കുന്നവരും ഈ മാസം 25ന് അകമായി വരിസംഖ്യ അയച്ചുതരിക. മണിയോർഡർ അയക്കുന്നതാണ് സൗകര്യം. ചെക്ക്, ഡ്രാഫ്റ്റ്, വിദേശ മണിയോർഡർ തുടങ്ങിയവ **T.S.Balan** എന്ന പേരിൽ, പെരുമ്പാവൂരിൽ മാറത്തക്ക വിധം എടുത്ത് അയച്ചു തരിക.

<u>വാർഷിക വരിസംഖ്യ</u>

ഇന്ത്യയിൽ : 60 രൂപ
ഗൾഫ് രാജ്യങ്ങൾ: 500 രൂപ
അമേരിക്ക: 20 ഡോളർ

വിലാസം:

എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ. 683542

# തള്ള ചവിട്ടിയാൽ ഈ പിള്ളക്കു കേടില്ല

"തള്ള ചവിട്ടിയാൽ പിള്ളക്ക് കേടില്ല" എന്നൊരു ചൊല്ലുണ്ട്. പെന്തക്കോസ്തിൽ ഇതാണ് ശരിക്കും നടക്കുന്നത്.

പെന്തക്കോസ്തുകാരുടെ പ്രഖ്യാപിത ശത്രുക്കളാര്? സംശയം വേണ്ട, ആർ.എസ്. എസ്സുകാർ. ഏതെങ്കിലും ആർ.എസ്.എസ്.കാരൻ ഒരു പെന്തക്കോസ്തുകാരനെ തുറിച്ചു നോക്കിയാൽ അത് ഗംഭീരൻ വാർത്തയാണ്. "സുവിശേഷ വിരോധികളുടെ പീഡനം" എന്ന ലേബലിൽ അത് സകലമാന പെന്തക്കോസ്ത് പത്രങ്ങളിലും സ്ഥാനം പിടിക്കും. കൈയിലിരുപ്പിൻെറ വിശേഷതകൊണ്ട് തല്ലുകിട്ടിയാലും അത് സുവിശേഷവിരോധികളുടെ അക്രമമായി വ്യാഖ്യാനിക്കും.

കൂപ്പർ പ്രശ്നത്തിന് ഏതാനും മാസം മുൻപ് നല്ല മാർക്കറ്റായിരുന്നു. സകലമാന പെന്തക്കോസ്ത് പത്രങ്ങളും ഇത് ശരിക്കും ആഘോഷിച്ചു. വിദേശ പൗരനായ കൂപ്പർ വിസിറ്റ് വിസയിൽ വന്ന് മതപ്രചരണം നടത്തിയത് നിയമലംഘനമാണ് എന്ന വസ്തുതപോലും ആരും പരിഗണിച്ചില്ല. ആകെക്കൂടി ഒരു മേളമുണ്ടാക്കാൻ കിട്ടിയ അവസരം എല്ലാവരും ആഘോഷിച്ചു. പക്ഷേ, ജോൺ ദാനിയേലിൻെറ പ്രശ്നം വന്നപ്പോൾ പെന്തക്കോസ്ത് പത്രങ്ങളിൽ ഒരെണ്ണംപോലും മിണ്ടിയില്ല. എന്തുകൊണ്ട്?



ജോൺ ദാനിയേൽ

"മതപീഡനം നടക്കുന്നേ" എന്ന് വിളിച്ചു കൂവിക്കൊണ്ടു നടന്നാൽ പത്രം ചൂടപ്പംപോലെ വിറ്റുപോകും. പക്ഷേ, ഏറ്റവും വലിയ പെന്തക്കോസ്തിൻെറ ഏറ്റവും വലിയ നേതാവ് അതേ പെന്തക്കോസ്തിലെ ഒരു സെൻ്റർ പാസ്റ്ററെ പീഡിപ്പിച്ചു എന്ന് വിളിച്ചു കൂവിയാൽ പത്രം പൂട്ടിക്കെട്ടേണ്ടതായി വന്നേക്കാം. അതാണ് ഈ മൗനത്തിൻെറ ഗുട്ടൻസ്.

മതപീഡനത്തിൻെറ പേരിൽ ഏറ്റവും അധികം വിലസിയ പത്രം മരുപ്പച്ചയാണ്. പക്ഷേ, മരുപ്പച്ചപോലും ജോൺ ദാനിയേലിനെ കൈവിട്ടു. എന്തുകൊണ്ട്? റ്റി.എസ്.ഏബ്രഹാമിനെതിരെ ശബ്ദിച്ചാൽ ഒരു നടയ്ക്ക് വീട്ടിലെത്തില്ലെന്ന് മൂന്നു കുഞ്ഞുങ്ങളുടെ അച്ഛനായ അച്ചൻകുഞ്ഞിനറിയാം. സ്വന്തം സംഘടനയെ വിമർശിക്കണമെന്നൊക്കെ മറ്റുള്ളവരെ ഉപദേശിച്ച് പുണ്യാളൻ കളിക്കുന്ന സി.വി.മാത്യുവിനും റ്റി.എസ്.ഏബ്രഹാമിനെതിരെ ഒരക്ഷരം പറയാൻ നാവ് പൊങ്ങില്ല.

സാക്ഷാൽ കെ.സി. ജോൺ സെൻ്റർ പാസ്റ്ററായി വിലസുന്ന തിരുവല്ല സെൻ്ററിൻെറ ലറ്റർപാഡിലാണ് ജോൺ ദാനിയേലിനെതിരെ പോലീസിന് പരാതി കിട്ടിയത്. ഇതിനേപ്പറ്റി കെ.സി. ജോൺ ഒന്നും പറഞ്ഞില്ല. എന്തുകൊണ്ട്? പറയാം.

കുറച്ചുനാൾ മുൻപ് ഒരു പാസ്റ്റർ ഒരു പരാതിയുമായി പല പത്രക്കാരെയും സമീപിച്ചു. കെ.സി.ജോൺ ഈ പാസ്റ്ററുടെ ഭാര്യയുമായി അവിഹിതബന്ധം പുലർത്തിയെന്നും അത് ഈ പാസ്റ്റർ നേരിൽ കണ്ടെന്നുമാണ് കഥ. ഇത് പത്രത്തിൽ പ്രസിദ്ധീകരിക്കണമെന്നാണ് പാസ്റ്ററുടെ ആവശ്യം. പക്ഷേ, ഒരു പത്രക്കാരനും ഇതിന് തയ്യാറായില്ല. ഒടുവിൽ ഈ പാസ്റ്റർ ചെല്ലേണ്ടിടത്ത് ചെന്നു. സ്വന്തം കണ്ണുകൊണ്ട് കണ്ടത് അദ്ദേഹം എഴുതി കൊടുക്കുകയും ചെയ്തു. ഈ എഴുത്തിൻെറ ഒരു ഫോട്ടോകോപ്പി ഒരിക്കൽ കെ.സി.ജോൺ കണ്ടു. അതുകൊണ്ട് സെൻ്ററിൻെറ ലറ്റർപാഡുകൊണ്ട് ഡ്രൈക്ലീനിംഗ് നടത്തിയാലും കെ.സി. മിണ്ടില്ല.

# വരുന്നൂ കള്ളൻ മീനങ്ങാടിയിൽ



മീനങ്ങാടിക്കാർ സൂക്ഷിക്കുക: ഒരു തട്ടിപ്പുവീരൻ നിങ്ങളുടെ ദേശത്ത് എത്തുന്നു. തിരുവല്ല നെടുമ്പ്രം സ്വദേശിയായ പാസ്റ്റർ കെ.സി. ജോൺ എന്ന വ്യക്തിയാണ് മീനങ്ങാടിയിൽ എത്തുന്നത്. നവംബർ 6 മുതൽ 9 വരെയുള്ള തീയതികളിൽ പഞ്ചായത്ത് സ്റ്റേഡിയത്തിൽ ഇയാൾ പ്രസംഗിക്കുന്നതാണ്.

പവർവേഡ് മിനിസ്ട്രീസ് എന്ന പേരിൽ ഇയാൾക്ക് ഒരു പ്രസ്ഥാനമുണ്ട്. ഇന്ത്യയെ സുവിശേഷംകൊണ്ട് നിറക്കാനെന്ന വ്യാജേന വിദേശത്തുനിന്നും പണം പിരിക്കാനുള്ള ഒരു മറയാണ് ഈ കടലാസ് സംഘടന. വെണ്ണിക്കുളം സ്വദേശിയായ മാത്യൂസ് ചാക്കോ എന്നൊരാളും ഈ സംഘത്തിലുണ്ട്. "വിടുതലിൻ മഹോത്സവം" എന്ന പേരിൽ ഒരു സുവിശേഷസമ്മേളനം മീനങ്ങാടിയിൽ നടത്താനാണ് ഇവരുടെപദ്ധതി. പക്ഷേ, സുവിശേഷത്തിൻെറ പേരുപറഞ്ഞ് ഉലകം ചുറ്റുന്ന കെ.സി.ജോൺ തരം കിട്ടുന്നിടത്തെല്ലാം വ്യഭിചരിക്കുന്നവനാണ്. അതുകൊണ്ട് മീനങ്ങാടിക്കാർ സൂക്ഷിക്കുക. ചതിയിൽ അകപ്പെടരുത്.

# മുണ്ടിയപ്പള്ളി ശാരോൻ മൂന്നു കഷണം

മുണ്ടിയപ്പള്ളിയിലെ ശാരോൻ സഭ ഈയിടെ മൂന്നു കഷണമായി. എന്തുകൊണ്ട്? അതിന് ഒറ്റ ഉത്തരമേയുള്ളു: ഈ സഭയുടെ ശുശ്രൂഷകനായ പാസ്റ്റർ പോൾ ഗോപാലകൃഷ്ണൻെറ അഹങ്കാരംകൊണ്ട്.

മുണ്ടിയപ്പള്ളി ശാരോനിലെ വിശ്വാസികൾ ദൈവഭയമുള്ളവരാണ്. അതുകൊണ്ട് പത്തു വർഷത്തിൽ അധികമായി അവർ പോൾ ഗോപാലകൃഷ്ണൻ പറയുന്ന സകല വിവരക്കേടുകളും സഹിച്ച്, മറുത്തൊരു വാക്കു പറയാതെ, കഴിയുകയായിരുന്നു. എന്നിട്ടും അവർക്ക് നീതി കിട്ടിയില്ല. മറ്റൊരു പോംവഴിയും കാണാതെ വന്നപ്പോൾ അവരിൽ ചിലർ വേറെ ആരാധന തുടങ്ങി.

ദുർന്നടപ്പിൻെറ ശ്രുതിപോലും ഇല്ലാത്ത ആളാണ് പോൾ ഗോപാലകൃഷ്ണൻ എന്നത് സത്യമാണ്. പക്ഷേ, ഇത്ര വലിയ ഒരു അഹങ്കാരിയെ കണ്ടെത്താൻ വിഷമം. പ്രസംഗകനും പണക്കാരനും ഒക്കെ ആയതോടെ ഗോപാലകൃഷ്ണനെന്ന ബീഡി തെറുപ്പുകാരൻ സ്വയം മറന്നു. തന്നോളം വലിയ വിശുദ്ധൻ ഈ ദുനിയാവിൽ ഇല്ല എന്ന ഭാവത്തിലാണ് ഇപ്പോൾ സംസാരിക്കുന്നതും പെരുമാറുന്നതും. അതുകൊണ്ട് ഇദ്ദേഹത്തിൻെറ കൺവെൻഷൻ പ്രസംഗംപോലുമിപ്പോൾ മഹാ ബോറായിരിക്കയാണ്.

തനിക്ക് ഒരിക്കലും തെറ്റുപറ്റുകയില്ലെന്ന ധാരണ ഇദ്ദേഹത്തെ അനേക തെറ്റുകളിൽ എത്തിച്ചു. പോൾ ഗോപാലകൃഷ്ണനെ എതിർക്കുന്നവരെയെല്ലാ ദൈവം നരകക്കുഴിയിൽ ഇടും എന്ന് ധരിച്ചു വശായിരിക്കയാണ് കുറെ പാവപ്പെട്ട വിശ്വാസികൾ.

പക്ഷേ, ഇദ്ദേഹത്തിൻെറ പോക്ക് ശരിയല്ലെന്നു മനസ്സിലാക്കിയ കുറെ വിശ്വസികൾ പ്രതികരിച്ചതോടെ ഗോപാലകൃഷ്ണൻെറ തനിനിറം വെളിപ്പെട്ടു. തന്നെ എതിർത്തവരെ ഇദ്ദേഹം എല്ലാവിധത്തിലും ദ്രോഹിക്കാൻ തുടങ്ങി. സഭയിലെ പ്രസംഗങ്ങൾ വെറും ഭള്ളു പറച്ചിലായി അധഃപതിച്ചു. മാസങ്ങളോളം ഇത് തുടർന്നപ്പോൾ അവർ ഒരു തീരുമാനം എടുത്തു: പോൾ ഗോപാലകൃഷ്ണനുമായി ഇനി ചേർന്നു പോകാൻ ആവില്ല. അങ്ങനെ, രണ്ടു കൂട്ടായ്മകൾ പുതിയതായി ഉണ്ടായി. ചുരുക്കത്തിൽ മുണ്ടിയപ്പള്ളി സഭ മൂന്നു കഷണമായി.

# ശാരോൻ നേതാക്കൻമാർ കള്ളക്കേസ്സുകൊടുത്തു

പെന്തക്കോസ്ത് നേതാക്കൻമാർക്ക് എത്രത്തോളം അധഃപതിക്കാം എന്നതിൻെറ മകുടോദാഹരണമാണ് ശാരോൻ നേതാക്കൻമാർ. അവർ ഈയിടെ കൊടുത്ത ഒരു കള്ളക്കേസിൻെറ കഥ കേട്ടാൽ ഇത് ബോദ്ധ്യമാകും.

പെരുമ്പാവൂർ ശാരോൻ സഭയുടെ പാസ്റ്ററായ ഏബ്രഹാം ജോസഫ് ശാരോൻെറ ജനറൽ ബോഡിയിൽ അംഗമാണ്. സെപ്റ്റംബർ രണ്ടിന് നടന്ന ജനറൽ ബോഡി മീറ്റിംഗിന് മുന്നോടിയായി അദ്ദേഹം മാനേജിംഗ് കൗൺസിൽ സെക്രട്ടറിക്ക് ഒരു കത്തു കൊടുത്തു. അതിൽ പ്രധാനമായി ആവശ്യപ്പെട്ടിരുന്നത് ഇതാണ്:

സഭകൾ സ്ഥാപിക്കുക എന്നത് ഉദ്ദേശ്യലക്ഷ്യങ്ങളിൽ ഒന്നായി ഉൾപ്പെടുത്തിക്കൊണ്ട് ട്രസ്റ്റുകളും സൊസൈറ്റികളും സ്ഥാപിച്ചിട്ടുള്ളവർക്കും മിനിസ്റ്റേഴ്സ് കൗൺസിൽ വിസ്തരിച്ച് കുറ്റക്കാരെന്ന് കണ്ടിട്ടുള്ളവർക്കും ശാരോൻെറ ജനറൽ ബോഡിയിൽ അംഗത്വം ലഭിക്കാൻ അർഹതയില്ല എന്ന് ശാരോൻെറ ഭരണഘടനയിൽ വ്യക്തമായി പറയുന്നുണ്ട്. ആകയാൽ ഇത്തരക്കാരെ ഒഴിവാക്കിയിട്ടുവേണം ജനറൽ ബോഡി കൂടുവാൻ.

ഈ കത്ത് കിട്ടിയതോടെ ശാരോൻ നേതാക്കൾക്ക് നെഞ്ചെരിച്ചിൽ തുടങ്ങി. ഏബ്രഹാം ജോസഫ് പറയുന്നത് തികച്ചും ശരിയാണ്. ഇത് നിരസിച്ചാൽ കുഴപ്പമാകും. പക്ഷേ, ഇതനുസരിച്ച് നടപടി എടുത്താൽ റ്റി.ജി.കോശി, പി.ജി.ജേക്കബ്, റ്റി.പി.ഏബ്രഹാം, സി.വി.ജോൺ തുടങ്ങിയവർ പുറത്താകും. നടപടി എടുത്തില്ലെങ്കിൽ ഏബ്രഹാം ജോസഫ് കോടതിയിൽ പോയി സ്റ്റേ വാങ്ങാൻ സാദ്ധ്യതയുണ്ട്. എന്താണ് പോംവഴി?

സഭാസ്വത്തുക്കൾ കൊള്ളയടിച്ചും സകല തോന്ന്യാസവും കാണിച്ചും നടക്കുന്ന ഈ പരമ പുണ്യാളൻമാരുടെ ഉള്ളിലിരിക്കുന്ന ചെകുത്താൻ ഒരു വഴി പറഞ്ഞുകൊടുത്തു. ഉടൻ ഒരു കാവിയറ്റ് എടുക്കുക. ആരുടെ പേരിൽ കാവിയറ്റ് എടുക്കും?

കേസ്സ് കൊടുക്കുമെന്ന് ഏബ്രഹാം ജോസഫ് പറഞ്ഞിട്ടില്ല. അതുകൊണ്ട് ഏബ്രഹാം ജോസഫിൻെറ പേരിൽ കാവിയറ്റ് എടുത്താൽ പ്രശ്നമാകും. പെരുമ്പാവൂർ സഭയിലെ ഏതെങ്കിലും വിശ്വാസിയുടെ പേരിൽ എടുത്താലോ? അത് കൂടുതൽ പ്രശ്നമാകും. കാരണം, മേല്പടി വിശ്വാസി വിശദീകരണം ആവശ്യപ്പെട്ട് വന്നാൽ മറുപടി പറയാൻ കഴിയില്ലല്ലോ. വല്ലവരുടേയും പേരിൽ കാവിയറ്റ് എടുത്താൽ ഏബ്രഹാം ജോസഫിനെ തടയാനും പറ്റില്ല.

ഒടുവിൽ ചെകുത്താൻ ഇവർക്ക് ഒരു വഴി പറഞ്ഞുകൊടുത്തു. പെരുമ്പാവൂർ പ്രദേശത്തുള്ള രണ്ട് ശാരോൻ പാസ്റ്റർമാരുടെ പേരിൽ കാവിയറ്റ് എടുക്കുക. അവർ പെരുമ്പാവൂർ സഭയിലെ അംഗങ്ങളാണെന്നും ഇവരോ പെരുമ്പാവൂർ സഭയിലെ മറ്റാരെങ്കിലുമോ കേസ്സുമായി വരുമെന്നും കാവിയറ്റിൽ പറയുക. പാസ്റ്റർമാരായതുകൊണ്ട് ഒരു പൊല്ലാപ്പും ഉണ്ടാക്കുകയില്ല.

അങ്ങനെ അവർ രണ്ടു പാസ്റ്റർമാരെ ഇരകളായി കണ്ടെത്തി: വാരികാട് സഭയിലെ ഷാജി സെബാസ്റ്റ്യൻ, വേങ്ങൂർ സഭയിലെ മാമ്മൻ രാജു. ഇവർ പെരുമ്പാവൂർ ശാരോനിലെ അംഗങ്ങളാമെന്നും ഇവർ സഭയെ പറഞ്ഞിളക്കി ശാരോൻ നേതൃത്വത്തിനെതിരെ കേസ്സ് കൊടുക്കാൻ പ്രേരിപ്പിച്ചിട്ടുണ്ടെന്നും പച്ചക്കള്ളം കോടതിയിൽ എഴുതിക്കൊടുത്ത് കാവിയറ്റ് എടുത്തു. ഇതിൽ വല്ല തെറ്റുമുണ്ടോ? അശ്ശേഷമില്ല. കാരണം ഭോഷ്ക്കിൻെറ പുത്രൻമാർ ഭോഷ്ക്കുപറയുന്നത് തെറ്റല്ലല്ലോ. പക്ഷേ, പെരുമ്പാവൂർ സഭ ഈ വിഷയം ഗൗരവത്തിൽ എടുത്തിട്ടുണ്ട്. അതുകൊണ്ട് ശാരോൻ നേതാക്കൻമാർക്ക് ഇത്തവണ അത്ര എളുപ്പം തടിയൂരാൻ പറ്റുമെന്ന് തോന്നുന്നില്ല.

ശാരോൻെറ മാനേജിംഗ് കൗൺസിൽ സെക്രട്ടറിയായ പാസ്റ്റർ പി.ജി.ജേക്കബ്ബാണ് കാവിയറ്റ് എടുത്തത്. എങ്കിലും വക്കാലത്ത് ഒപ്പിട്ടുകൊടുത്തു എന്നതിൽ കവിഞ്ഞ് താൻ ഒന്നും ചെയ്തിട്ടില്ലെന്ന് അദ്ദേഹം പലരോടും പറഞ്ഞതായി അറിയാം. ദുർന്നടപ്പുവീരനായ സി.വി.ജോണാണ് മറ്റുള്ളതെല്ലാം ചെയ്തത് എന്നാണ് ഡിഫെൻഡറിനു കിട്ടിയ വിവരം.

ഇവർക്കു രണ്ടുപേർക്കും പിന്നിൽ മറ്റൊരു ഭോഷ്ക്കിൻെറ പുത്രനും പ്രവർത്തിച്ചു: മിനിസ്റ്റേഴ്സ് കൗൺസിൽ സെക്രട്ടറിയായ റ്റി.പി.ഏബ്രഹാം. ഈ നീചനാണ് പാസ്റ്റർമാരായ ഷാജി സബാസ്റ്റ്യനേയും മാമ്മൻ രാജുവിനേയും അവർ സ്വപ്നംപോലും കാണാത്ത കേസ്സിൽ കുരുക്കിയത്. എന്തിനീ പിതൃരാഹിത്യം കാണിച്ചു എന്ന് സർവ്വശക്തനായ റ്റി.പി. ഏബ്രഹാമിനോട് ചോദിക്കാനോ മറുത്തൊരു വാക്കു പറയാനോ ഈ പാസ്റ്റർമാർക്ക് ത്രാണിയില്ല. ഏതായാലും ദൈവം എന്നൊരാൾ ഉണ്ടെന്ന് റ്റി.പി. ഓർത്താൽ നന്ന്.

# ശാരോനിൽ വീണ്ടും മണ്ടൻ സമ്മേളനം

ശാരോനിൽ വീണ്ടും മരമണ്ടൻമാരുടെ സമ്മേളനം. ഒക്ടോബർ 11ന് തിരുവല്ലയിലാണ് സമ്മേളനം നടക്കുക.

പൊതുസഭാ മണ്ഡലം എന്നൊരു സാധനം ശാരോനിലുണ്ട്. ഇത് ശാരോൻെറ പൊതുയോഗമല്ലെന്നും ഇതിന് ഒരു അധികാരവുമില്ലെന്നും ശാരോൻ നേതാക്കൻമാർ പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ കഴിഞ്ഞ വർഷം തന്നെ എഴുതി കൊടുത്തിട്ടുള്ളതാണ്. പിന്നെന്തിന് ഇത്തരത്തിലൊരു സമ്മേളനം വിളിച്ചു കൂട്ടുന്നു? ശാരോൻ നേതാക്കളുടെ വളഞ്ഞ ബുദ്ധി ഇവിടെയാണ് വെളിവാകുന്നത്.

നവംബർ അവസാന ആഴ്ചയിൽ ശാരോൻെറ ജനറൽ കൺവെൻഷൻ നടക്കുകയാണ്. അതിന് പണം വേണം. വിശ്വാസികളെ പിഴിഞ്ഞുവേണം അതുണ്ടാക്കാൻ. അതുകൊണ്ട് അവരുടെ പ്രതിനിധികളുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടുന്നു. അത്രതന്നെ.

വിശ്വാസികളോ സാധാരണക്കാരായ ശുശ്രൂഷകൻമാരോ ശാരോനിലെ അംഗങ്ങളല്ല എന്ന് ശാരോൻ നേതാക്കൻമാർ കോടതിയിൽ എഴുതി കൊടുത്തിട്ടുണ്ട്. അങ്ങനെയെങ്കിൽ ശാരോൻ കൺവെൻഷൻ നടത്താൻ വിശ്വസികൾ പണം കൊടുക്കേണ്ട ആവശ്യമെന്ത്? അത് ചോദിക്കാൻ ധൈര്യമുള്ള ഒരു വിശ്വാസിയും ശാരോനിൽ ഉള്ളതായി അറിവില്ല. അതുകൊണ്ട് ഇത്തവണയും മണ്ടൻ സമ്മേളനം വിശേഷിച്ച് ഒരു കുഴപ്പവും കൂടാതെ നടക്കും. പൊറോട്ടതിന്ന് അവസാനിക്കയും ചെയ്യും.

# THE DEFENDER Supplement

Vol. No. 6 Issue No. 10 RNI No. 68089 / 97 Published From Perumbavoor October 2003 Postal Reg. No. KL/CR/ALY/221/2003-05


# സി.വി. മുതലുളളതും ഞങ്ങൾ കണ്ടതും

**ശാരോൻ ബൈബിൾ കോളേജിലെ ഒരു മുൻവിദ്യാർത്ഥി അയച്ചുതന്ന കത്ത് വിശ്വാസികളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു.**

ചില മാസങ്ങളായി ഡിഫെൻഡറിൽ ശാരോനേക്കുറിച്ചും സി.വി.ജോണിനേക്കുറിച്ചും മറ്റ് ശാരോൻ നേതാക്കൻമാരേക്കുറിച്ചും എഴുതിയത് ഞാൻ വായിച്ചു. 1994-96 കാലത്ത് ശാരോൻ ബൈബിൾ കോളേജിൽ ഞാൻ പഠിച്ചിരുന്നു. ആ കാലത്ത് എന്നേപ്പോലുളളവർ അവിടെ കണ്ടതും കേട്ടതും പുറത്തു പറയാൻ ഒരു വേദിയില്ലാതെ വിഷമിക്കുമ്പോഴാണ് ഡിഫെൻഡർ കണ്ടത്.

സി.വി.ജോണിന്റെ വിളയാട്ടത്തേക്കുറിച്ച് ഡിഫെൻഡർ പലതും എഴുതിയല്ലോ. പക്ഷേ, അത് വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ ആകുന്നുളളു. യഥാർത്ഥത്തിൽ ശാരോനിൽ നടന്നത് അതേപടി എഴുതിയാൽ സഭ്യതയുടെ അതിർവരമ്പ് ഭേദിച്ചുപോകും. ആകയാൽ അതിന് മുതിരുന്നില്ല. അതുകൊണ്ട് വളരെ ചുരുക്കി പറയാം.

ശാരോന്റെ മുറ്റത്തു നിന്ന് സി.വി.ജോൺ വേലക്കാരിയായ മേരിക്കുട്ടിയുമായി ശൃംഗരിക്കുന്നതും അശ്ലീലച്ചുവയുളള സംഭാഷണം നടത്തുന്നതും അന്ന് പതിവു കാഴ്ചയായിരുന്നു. ബൈബിൾ സ്ക്കൂൾ വിദ്യാർത്ഥികൾ ഭൂരിപക്ഷവും ശനിയാഴ്ച വീട്ടിൽ പോകും. തിങ്കളാഴ്ചയേ മടങ്ങി വരൂ. അതുകൊണ്ട് ശനി, ഞായർ രാത്രികളിൽ ശാരോൻ കോമ്പൗണ്ടിൽ അധികമാരും ഉണ്ടാകില്ല. ഞാൻ സാധാരണയായി വീട്ടിൽ പോകാറില്ല. അതുകൊണ്ടാണ് സി.വിയുടെ വിക്രിയകൾ നേരിൽ കാണാൻ ഇടയായത്.

സാധാരണ ദിവസങ്ങളിൽ സന്ധ്യയാകുമ്പോൾ വീട്ടിൽ പോകുന്ന സി.വി.ജോൺ ശനി, ഞായർ ദിവസങ്ങളിൽ വീട്ടിൽ പോയി എന്ന് ഒരു ധാരണ വരുത്തിയിട്ട് ശാരോൻ കോമ്പൗണ്ടിൽ തങ്ങും. ശാരോന്റെ അടുക്കളയിൽ മേരിക്കുട്ടിയോടൊപ്പമായിരിക്കും സി.വിയുടെ അന്തിയുറക്കം. അർദ്ധരാത്രിക്കോ മറ്റോ വീട്ടിൽ പോയെന്നു വരാം. ചിലപ്പോൾ നേരം വെളുത്തിട്ടായിരിക്കും മടക്കയാത്ര. ഇതുകഴിഞ്ഞ് നേരെ സഭായോഗത്തിന് പോകുന്ന സി.വി. വിശുദ്ധിയേക്കുറിച്ച് പ്രസംഗിക്കയും തിരുവത്താഴം നടത്തുകയും ചെയ്യും.

ഒരിക്കൽ സി.വി.ജോണിന് ഒരു അബദ്ധം പറ്റി. മേരിക്കുട്ടിയോടൊപ്പമുളള ഉറക്കം അല്പം നീണ്ടുപോയി. അതുകൊണ്ട് നേരം പുലരുംമുൻപേ പോകാൻ ഒത്തില്ല. ഞങ്ങൾ രാവിലെ എഴുന്നേറ്റ് മുറ്റത്തെക്കിറങ്ങുമ്പോൾ അതാ സി.വി.ജോൺ അടുക്കളഭാഗത്തുനിന്നും വരുന്നു. ഞങ്ങളെ കണ്ടതോടെ സി.വി. ആദ്യമൊന്ന് ചമ്മി. അതിനുശേഷം ഒരു അടവെടുത്തു. "എന്താടാ, പമ്പ് ഓൺ ചെയ്താൽ ഓഫാക്കാത്തത്? വീട്ടിൽ നിന്ന് ഞാൻ ഇപ്പോൾ വന്നില്ലായിരുന്നെങ്കിൽ പമ്പ് കത്തിപ്പോകുമായിരുന്നല്ലോ". ഞങ്ങൾ ഒന്നും പറഞ്ഞില്ല. സി.വി. പുറത്തേക്ക് പോയപ്പോൾ ഞങ്ങൾ പമ്പ് പരിശോധിച്ചു. അത് ഐസ് പോലെ തണുത്തിരിക്കുന്നു. രാത്രി മുഴുവൻ പമ്പ് പ്രവർത്തിക്കയായിരുന്നു എങ്കിൽ അത് ചുട്ടു പഴുത്ത് ഇരിക്കേണ്ടതല്ലേ? ടാങ്ക് ഓവർഫ്ലോ ചെയ്യേണ്ടതല്ലേ? അതൊന്നും ഉണ്ടായിട്ടില്ല.

സി.വി.ജോണും മേരിക്കുട്ടിയുമായുളള അവിഹിതബന്ധം തോമ്മാച്ചായന്റെ ഭാര്യ ഒരിക്കൽ നേരിൽ കണ്ടു. ആ സംഭവം ഞങ്ങൾക്കെല്ലാം അറിയാം. രണ്ടു പേരേയും പിരിച്ചു വിടുകയാണ് വേണ്ടിയിരുന്നത്. പക്ഷേ, അതിനു പകരം മേരിക്കുട്ടിയെ മാത്രം പിരിച്ചുവിട്ടു. ശാരോനിലെ ജോലി ആ സ്ത്രീയുടെ ഉപജീവനമാർഗ്ഗമായിരുന്നു. അതാണ് സി.വി. തകർത്തത്. ചക്കര വാക്കുകൾ പറഞ്ഞ് അവരെ സി.വി.ജോൺ വശീകരിക്കുകയായിരുന്നു.

"മനക്കച്ചിറ ഭഗവാൻ" എന്നാണ് ഞങ്ങൾ സി.വിയെ വിളിച്ചിരുന്നത്. കാരണം, സി.വി. അക്കാലത്ത് ശാരോനിലെ ദൈവമായിരുന്നു. സി.വിയെ എതിർത്താൽ ശാരോനിൽനിന്ന് പുറത്താകും.

സ്വഭാവത്തിൽ സി.വിയുടെ അനുജനായ ഒരു വിദ്യാർത്ഥി അക്കാലത്ത് ശാരോനിൽ ഉണ്ടായിരുന്നു. രാത്രി ആയാൽ അടുക്കളഭാഗത്തേക്ക് പോകരുതെന്ന സുഗ്രീവാജ്ഞ വകവെയ്ക്കാതെ ഇയാൾ പല രാത്രികളിലും അടുക്കളയിലേക്ക് പോയിരുന്നു. ഒരു ദിവസം ഇയാൾ പിടിക്കപ്പെട്ടു. പക്ഷേ, സി.വി. ജോൺ ഇവനെ ന്യായീകരിച്ച് സംസാരിച്ചു. അതുകൊണ്ട് നടപടിയൊന്നും ഉണ്ടായില്ല. അടുത്ത ദിവസം ചാപ്പലിൽ ഒരാൾ വായിച്ചത് സങ്കീർത്തനം 50:18,19 ആയിരുന്നു. സി.വിയെ കളിയാക്കാനായി മനഃപൂർവ്വം ചെയ്തതാണിത് എന്ന് സി.വി. തെറ്റിദ്ധരിച്ചു. അതോടെ സി.വി. ഒരു ഉത്തരവ് പുറപ്പെടുവിച്ചു: "മേലിൽ വ്യഭിചാരം, ദുർന്നടപ്പ്, പരസംഗം തുടങ്ങിയ വാക്കുകളുളള വാക്യങ്ങൾ ചാപ്പലിൽ വായിക്കാനോ പ്രസംഗിക്കാനോ പാടില്ല."

ശാരോന്റെ വിലാസത്തിൽ മറ്റുളളവർക്കു വരുന്ന കത്തുകൾ രഹസ്യമായി പൊട്ടിച്ച് വായിക്കുന്ന സ്വഭാവം ഓഫീസ് സെക്രട്ടറിയായ എം.എ.വർഗീസ് എന്ന ജോയീസിനുണ്ട്. ഒരു ദിവസം അയാൾ ഒരു കത്ത് ഇപ്രകാരം പൊട്ടിച്ചു വായിച്ചിട്ട് ഒളിച്ചു വെയ്ക്കുന്നത് ഒരു വിദ്യാർത്ഥി കണ്ടു. അയാൾ അത് രഹസ്യമായി കൈക്കലാക്കി ഫോട്ടോസ്റ്റാറ്റ് എടുത്തിട്ട് പഴയ സ്ഥലത്ത് വെച്ചു. അങ്ങനെ ആ കത്തിന്റെ കോപ്പി ഞങ്ങൾക്കെല്ലാം കിട്ടി. ഡിഫെൻഡറിൽ കഴിഞ്ഞലക്കം ആ കത്ത് കണ്ടതിൽ സന്തോഷം. ഇപ്പോഴെങ്കിലും സത്യം പുറത്തായല്ലോ. വളരെ കാര്യങ്ങൾ എഴുതാനുണ്ടെങ്കിലും ഇത്രയുംകൊണ്ട് ഇപ്പോൾ നിർത്തുന്നു.

# സി.വി.മാത്യു വൈദ്യൻ സ്വയം ചികിത്സിക്കണം

"വൈദ്യാ, നിന്നേത്തന്നെ സൗഖ്യമാക്കുക" എന്നൊരു ചൊല്ലുണ്ട്. ഗുഡ്ന്യൂസ് എഡിറ്ററായ സി.വി.മാത്യു എഴുതി വിടുന്നതൊക്കെ വായിക്കുമ്പോൾ ഈ പഴഞ്ചൊല്ലാണ് ഓർമ്മ വരുന്നത്.

ഗുഡ്ന്യൂസിന്റെ സെപ്റ്റംബർ 8 ലക്കത്തിൽ "ആദ്യം സ്വയ വിമർശനം" എന്ന തലക്കെട്ടോടെയാണ് എഡിറ്റോറിയൽ പ്രത്യക്ഷപ്പെട്ടത്. മറ്റുളളവരെ വിമർശിക്കുന്നതിനു മുൻപ് സ്വയം വിമർശിക്കണം എന്നതായിരുന്നു ലേഖനത്തിന്റെ രത്നച്ചുരുക്കം. എഡിറ്റോറിയൽ എഴുതിയത് സി.വി. മാത്യു ആണെന്ന് കരുതാം. കാരണം, ഇതേ ആശയം അവസാന പേജിൽ സി.വി. മാത്യു പേരുവച്ച് എഴുതിയിരുന്നു. അഥവാ മറ്റാരെങ്കിലുമാണ് എഡിറ്റോറിയൽ എഴുതിയതെങ്കിലും പ്രശ്നമില്ല. കാരണം, എഡിറ്റോറിയൽ പത്രത്തിന്റെ ശബ്ദമാണ്. അതിന്റെ ഉത്തരവാദി എഡിറ്ററാണ്.

ഗുഡ്ന്യൂസിന്റെ ആഗസ്റ്റ് 18 ലക്കത്തിൽ "പെന്തക്കോസ്ത് നേതാക്കൾ മൗനവ്രതത്തിലോ?" എന്നതായിരുന്നു എഡിറ്റോറിയലിന്റെ തലക്കെട്ട്. എ.ജി.യിൽ പുനർവിവാഹം നടത്തിക്കൊടുക്കാൻ പാസ്റ്റർമാർക്ക് അനുവാദം നൽകിയതിനേക്കുറിച്ച് ഗുഡ്ന്യൂസ് വാർത്ത പ്രസിദ്ധീകരിച്ചിട്ടും പെന്തക്കോസ്ത് നേതാക്കൻമാർ എന്തുകൊണ്ട് പ്രതികരിക്കുന്നില്ല എന്നാണ് ഗുഡ്ന്യൂസ് ചോദിച്ചത്.

മറ്റുളളവരെ വിമർശിക്കുന്നതിനു മുൻപ് സ്വയം വിമർശിക്കണം എന്നതിന് സംശയമില്ല. പക്ഷേ, സി.വി. പ്രഖ്യാപിക്കുന്ന ചട്ടങ്ങളും നടപടിക്രമങ്ങളും സി.വി.തന്നെ അനുസരിക്കാതിരിക്കുന്നത് ശരിയാണോ സി.വീ?

സംഗതി പിടികിട്ടിയോ? ഇല്ലെങ്കിൽ പറയാം. വിവാഹമോചനം നടത്തിയവർക്ക് പുനർവിവാഹം നടത്തിക്കൊടുക്കുന്നത് തികച്ചും തെറ്റാണെന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല. കാരണം, പരസംഗം ഹേതുവായിട്ടല്ലാതെ വിവാഹമോചനം നടത്താൻ പാടില്ല എന്ന് കർത്താവുതന്നെ വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ, സി.വിയുടെ ന്യായപ്രമാണം അനുസരിച്ച് എ.ജിയെ വിമർശിക്കാൻ സി.വിക്ക് അധികാരമില്ല. കാരണം, സി.വിയുടെ സ്വന്തം സംഘടനയായ ഐ.പി.സിയിൽ ഇതിലും നീചമായ കാര്യങ്ങൾ നടന്നിട്ട് സി.വി. വായ് തുറന്നതായി ചരിത്രരേഖകളിലെങ്ങും കാണുന്നില്ല.

ഐ.പി.സിയുടെ ജനറൽ പ്രസിഡന്റായ റ്റി.എസ്.ഏബ്രഹാമിന്റെ ഒരു മകൾ കുറച്ചുകാലം മുൻപ് സ്വന്ത ഇഷ്ടപ്രകാരം ഒരാളെ വിവാഹം കഴിച്ചു. അത് തെറ്റാണെന്ന് പറയാനാവില്ല. കുറച്ചു കാലം ഈ മകൾ ഭർത്താവിനോടൊത്ത് കഴിയുകയും ചെയ്തു. പക്ഷേ, റ്റി.എസ്.ഏബ്രഹാം കുറെ ഗുണ്ടകളുമായി ചെന്ന് മകളെ ബലമായി പിടിച്ചുകൊണ്ടുവന്നു. എന്നിട്ട് വിവാഹമോചനംപോലും നടത്താതെ മറ്റൊരാൾക്ക് വിവാഹം ചെയ്തുകൊടുത്തു. ഇതിനെതിരെ ഗുഡ്ന്യൂസോ സി.വിയോ പ്രതികരിച്ചോ? നഹി.

ഐ.പി.സിയുടെ സ്റ്റേറ്റ് പ്രസിഡന്റായിരുന്ന കെ.എം.ജോണും മേല്പടി തന്നെ. ഈ മനുഷ്യനും സ്വന്തം മകളെ ഭർത്താവിന്റെ അടുത്തുനിന്ന് വിളിച്ചിറക്കി കൊണ്ടുവന്ന് വിവാഹമോചനം നടത്തിയശേഷം മറ്റൊരാൾക്ക് വിവാഹം കഴിച്ചുകൊടുത്തു. ഇതിനെതിരെ സി.വി. എന്തെങ്കിലും തിരുവായ് മൊഴിഞ്ഞോ? ഇല്ല. അതുകൊണ്ട് വൈദ്യരേമാൻ ആദ്യം സ്വയം ചികിത്സിക്ക്. അതുകഴിഞ്ഞാകട്ടെ എ.ജി.രോഗിയെ ചികിത്സിക്കാൻ.

വൈദ്യർ സ്വയം ചികിത്സ ആരംഭിച്ചു കഴിഞ്ഞാൽ ഗുഡ്ന്യൂസിന്റെ മുഖച്ഛായതന്നെ മാറും. ആദ്യമായി ഒരു ആല്ലാറ ഗുളികയാകും സി.വി. സേവിക്കുക. അവിടെയുണ്ടായ വാക്യമത്സരവും മറുഭാഷയും കൈവെയ്പും പോലീസ് കാവലും ഒക്കെ ഗുഡ്ന്യൂസിൽ ഫോട്ടോ സഹിതം വരും. അതുകഴിഞ്ഞ് സെന്ററിൽ അരങ്ങേറിയ നാടകങ്ങൾ ചിത്രങ്ങൾ സഹിതം പ്രസിദ്ധീകരിക്കും.

ഇത്രയും കഴിഞ്ഞാൽ കുമ്പനാട്ടെത്താം. അവിടെ നടന്നിട്ടുളളതും ഇപ്പോൾ നടക്കുന്നതും ഒക്കെ എഴുതാൻ നിരവധി ലക്കങ്ങൾ വേണ്ടിവരും. മസിൽ കയറ്റവും കുളത്തൂപ്പുഴക്കേസ്സും ഒക്കെ എഴുതേണ്ടതായി വരും. അതിനിടയിൽ അല്പം അഗ്നിമാഹാത്മ്യവും പാടാം. അതൊക്കെ കഴിഞ്ഞ് മേല്പടി പുണ്യപുരുഷൻമാരുടെ പുത്രീപരിണയങ്ങളും എഴുതണം. ഇത്രയുമൊക്കെ കഴിഞ്ഞാൽ ഒന്ന് ശ്വാസം വിട്ടുകൊളളൂ. അതിനുശേഷം ആവുന്നത്ര ശ്വാസം ഉളളിലേക്ക് വലിച്ചിട്ട് സകല ശക്തിയും ഉപയോഗിച്ച് എ.ജിക്കെതിരെ എഴുതുക.

ഇതൊന്നും നടപ്പിലാകുന്ന കാര്യമല്ല എന്ന് പറയാൻ വരട്ടെ. നട്ടെല്ല് എന്ന അവയവം സി.വിക്ക് ഉണ്ടെങ്കിൽ ഇതൊക്കെ സാധിക്കാവുന്നതേയുളളു. അതില്ലെങ്കിൽ ഈ ന്യായപ്രമാണമൊക്കെ അടുപ്പിൻമൂട്ടിലിരുന്ന് സ്വന്തം പെണ്ണുംപിളളയോട് പറയുക. പത്രത്തിൽ എഴുതി വിടരുത്.

# നാഡീസ്പന്ദനം നോക്കി രോഗം കണ്ടുപിടിക്കാമോ?

ഡോ.സദാനന്ദൻ എന്നൊരാൾ നാഡീസ്പന്ദനം നോക്കി എല്ലാവിധ രോഗങ്ങളും നിർണ്ണയിക്കുന്നു എന്നൊരു വാർത്ത സെപ്റ്റംബർ ലക്കം ക്രൈസ്തവചിന്തയിൽ കണ്ടു. ഒരു ഉദാഹരണവും വാർത്തയിൽ ഉണ്ടായിരുന്നു.

ചിറ്റാർ സ്വദേശിയായ ബിനോയ് എന്നൊരാൾ 12 വർഷമായി തളർന്നു കിടക്കുകയായിരുന്നു. ഇതറിഞ്ഞ് ഡോ.സദാനന്ദൻ അയാളുടെ വീട്ടിൽ എത്തി. ബിനോയിയുടെ വലത് കൈ നാഡി പിടിച്ചു നോക്കിയശേഷം ഡോ.സദാനന്ദൻ ഇങ്ങനെ ചോദിച്ചു: "പതിനെട്ടാമത്തെ വയസ്സിൽ പിടലി ഭാഗത്ത് ശക്തിയായി തട്ടു കിട്ടുകയോ ക്ഷതമേല്ക്കുകയോ ചെയ്തിട്ടുണ്ടോ?". ഉണ്ടെന്ന് ബിനോയിയുടെ അമ്മ പറഞ്ഞു. സദാനന്ദന്റെ ചികിത്സയിലൂടെ ബിനോയിയുടെ അസുഖം ഇപ്പോൾ വളരെ കുറഞ്ഞിട്ടുണ്ടെന്നും ഈ ലേഖനത്തിലുണ്ട്. സദാനന്ദൻ പെന്തക്കോസ്തുകാരനായതുകൊണ്ടാണ് ക്രൈസ്തവചിന്ത ഈ വാർത്ത പ്രസിദ്ധീകരിച്ചത്.

ഹൃദയസ്പന്ദനത്തിന്റെ വേഗത, ശക്തി, നിരക്ക് തുടങ്ങി പലതും നാഡീസ്പന്ദനം പരിശോധിച്ച് കണ്ടുപിടിക്കാമെന്നതിന് സംശയമില്ല. പക്ഷേ, 45 വയസ്സുളള ബിനോയിക്ക് 18 വയസ്സുളളപ്പോൾ പിടലിക്ക് തട്ടുകിട്ടിയെന്ന് നാഡി പിടിച്ചു നോക്കി അറിയുന്നതെങ്ങനെ? ശാസ്ത്രീയമായി എന്തു വിശദീകരണമാണ് ഇതിന് കൊടുക്കാൻ കഴിയുക?

ശാസ്ത്രീയമായി വിശദീകരിക്കാൻ ആവാത്തത് വൈദ്യശാസ്ത്രത്തിന്റെ ഭാഗമല്ല. അത് മറ്റെന്തോ ആണ്. അല്പം ആഴമായി പഠിക്കേണ്ട വിഷയമാണിത്. ഇതേപ്പറ്റിയുളള വിശദമായ ലേഖനം അടുത്ത ലക്കത്തിൽ.

# മാറ്റി, മാറ്റിയില്ല

"തൊട്ടു, തൊട്ടില്ല, തൊട്ടു തൊട്ടില്ല" എന്ന് തുടങ്ങുന്ന ഒരു സിനിമാഗാനമുണ്ട്. ഗുഡ്ന്യൂസിന്റെ കാര്യം ഇപ്പോൾ ഏറെക്കുറെ ഇങ്ങനെയാണ്.

ഗുഡ്ന്യൂസിന്റെ സെപ്റ്റംബർ 8 ലക്കത്തിന്റെ ഒന്നാം പേജിൽ "കോടതി വളപ്പിൽ നിന്നും പത്തു കല്പനകളുടെ പ്രതിമ നീക്കം ചെയ്തു" എന്നൊരു വാർത്ത ഉണ്ടായിരുന്നു. അതേ ലക്കത്തിന്റെ ഉളളിൽ "ആഗോള വിശേഷങ്ങൾ" എന്നൊരു പംക്തിയുണ്ട്. അതിൽ "പത്തു കല്പന നീക്കം ചെയ്തില്ല: പ്രതിസന്ധി തുടരുന്നു" എന്ന തലക്കെട്ടോടെ ഒരു വാർത്തയും കാണാം. ഒരേ ലക്കത്തിലാണ് ഇങ്ങനെ പരസ്പര വിരുദ്ധമായ വാർത്തകൾ വന്നിരിക്കുന്നത്. ഇതിൽ ഏതാണ് ശരി? വായനക്കാർ എന്തു വിശ്വസിക്കണം?

ആരെങ്കിലുമൊക്കെ അയച്ചുതരുന്ന വാർത്തകൾ അന്വേഷണമോ എഡിറ്റിങ്ങോ വെട്ടലോ തിരുത്തലോ കൂടാതെ പ്രസിദ്ധീകരിക്കാനാണ് ഭാവമെങ്കിൽ ഗുഡ്ന്യൂസിന് ഒരു എഡിറ്റർ കൂടിയേ കഴിയൂ എന്നുണ്ടോ?